## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 632 — 11-12-2012 - ൽ മറുപടിക്ക്

### സർക്കാരിനെതിരായ കേസുകളുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി സുധാകരൻ<br>പ്രൊഫ. സി. രവീന്ദ്ര നാഥ്<br>ശ്രീ. കെ. വി. വിജയ ദാസ്<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കെ. എം. മാണി<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | സർക്കാർ കക്ഷികളായ കേസുകൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനം ഫലപ്രദമാണോ; ഇല്ലെങ്കിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | സർക്കാർ കക്ഷിയായിട്ടുള്ള കേസുകൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനം ഫലപ്രദമാണ്. ഇതിലേയ്ക്കായി സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ ശരാശരി കാലാവധി 15 വർഷത്തിൽ നിന്നും 3 വർഷമായി കുറയ്ക്കുകയും സർക്കാർ കക്ഷിയായ കേസുകൾ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും സമയബന്ധിതമായും സംയോജിപ്പിച്ച് നടത്തുന്നതിനും അടിസ്ഥാനമുള്ള എല്ലാ വ്യവഹാരങ്ങളും വിജയിപ്പിക്കുന്നതിനും അനാവശ്യവ്യവഹാരങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും ചെയ്യുന്നതിനും മറ്റുമായി സർക്കാർ സംസ്ഥാന വ്യവഹാരനയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത നയം 03-12-2011 ലെ സ.ഉ. (പി) നം. 12/2011/നിയമം നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച് നടപ്പിലാക്കിവരുന്നു. |
| (ബി) | ഹൈക്കോടതിയിലും കീഴ്ക്കോടതികളിലും സർക്കാരിനെതിരായ കേസുകളിൽ തോറ്റുകൊടുക്കുന്നതും ബോധപൂർവ്വമായ വീഴ്ചകൾ വരുത്തുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഹൈക്കോടതിയിലും കീഴ്ക്കോടതികളിലും സർക്കാരിനെതിരായ കേസുകളിൽ തോറ്റുകൊടുക്കുന്നതായോ ബോധപൂർവ്വമായ വീഴ്ചകൾ വരുത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | |
|---|---|---|
| (സി) | അഡ്വക്കേറ്റ് ജനറൽ സ്ഥാനത്തുൾപ്പെടെ സർക്കാർ ഭാഗം വാദിക്കാൻ സർക്കാരിനാൽ നിയോഗിക്കപ്പെട്ടവർ അവരുടെ പഴയ അഡ്വക്കേറ്റ് ഫേമുകളുമായുള്ള ബന്ധം തുടരുന്നത് സർക്കാർ കേസുകളെ പ്രതികൂലമായി ബാധിക്കുന്നതായ പരാതികളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ? | ഈ വിഷയം സംബന്ധിച്ച് രണ്ട് പരാതികൾ ലഭിച്ചത് അന്വേഷിച്ചതിൽ പ്രസ്തുത പരാതികളിൽ യാതൊരു വസ്തുതയും ഇല്ല എന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ